# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4192 — 19.10.2011 ൽ മറുപടിയ്ക്ക്

## കാർഷിക വികസന ബാങ്കുകളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുടെ രജിസ്ട്രേഷൻ റദ്ദാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, നിലവിലുള്ള ബാങ്കുകളുടെ പരിധിയിൽ, ആസ്തി വിഭജനം നടത്താതെയാണ് പുതുതായി രജിസ്റ്റർ ചെയ്തതെന്നതിനാൽ അപ്രകാരം രജിസ്റ്റർ ചെയ്ത രജിസ്ട്രേഷനും ബാങ്ക ഭരണ സമിതിയുടെ രൂപീകരണവും അസാധുവാക്കിക്കൊണ്ട് 12.08.2011 ൽ 45/2011 നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) നിയമങ്ങൾ മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യുന്നത് ക്രമപ്രകാരമാണോ; | (ബി) ക്രമപ്രകാരമാണ്. |
| (സി) കേന്ദ്രബാങ്കിൽ അംഗത്വം ലഭിക്കുകയും നബാർഡ് പുനർവായ്പകൾ അനുവദിക്കുകയും ചെയ്തിട്ടുള്ള ഏതെല്ലാം കാർഷിക വികസന ബാങ്കുകളുടെ രജിസ്ട്രേഷനാണ് റദ്ദാക്കിയിട്ടുള്ളത്; | (സി) 12.08.2011 ലെ 45/2011 ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ റാന്നി, കൊച്ചി താലൂക്ക്, കൊടുങ്ങല്ലൂർ, കുട്ടനാട്, സുൽത്താൻ ബത്തേരി എന്നീ 5 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ രജിസ്ട്രേഷൻ സാധുവല്ലാതായി തീർന്നിട്ടുണ്ട്. ഇവയിൽ കൊടുങ്ങല്ലൂർ, കുട്ടനാട്, സുൽത്താൻബത്തേരി എന്നീ 3 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നബാർഡിന്റെ പുനർ വായ്പ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്രബാങ്കിൽ അംഗത്വം നൽകി വായ്പ വിതരണം ചെയ്ത എത്ര കാർഷിക വികസന ബാങ്കുകളുടെ രജിസ്ട്രേഷനാണ് റദ്ദാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ഡി) | കേന്ദ്രബാങ്കിൽ അംഗത്വം നൽകി വായ്പ വിതരണം ചെയ്ത 5 കാർഷിക വികസന ബാങ്കുകളുടെ രജിസ്ട്രേഷൻ 12.08.2011 ലെ 45/2011 ഓർഡിനൻസ് പ്രകാരം സാധുവല്ലാതായിട്ടുണ്ട്. |
| (ഇ) | എല്ലാ താലൂക്കുകളിലും കാർഷിക വികസന ബാങ്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഇ) | 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 2(ഒ) (സി) യിൽ എല്ലാ താലൂക്കുകളിലും കാർഷിക വികസന ബാങ്കുകൾ ആരംഭിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (എഫ്) | 'കാർഷിക വികസന ബാങ്ക് നിലവിലില്ലാത്ത താലൂക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എഫ്) | സുൽത്താൻബത്തേരി, കുട്ടനാട്, കൊടുങ്ങല്ലൂർ, റാന്നി, കൊച്ചി, ചങ്ങനാശ്ശേരി, കൊട്ടാരക്കര, ചെങ്ങന്നൂർ, തിരൂരങ്ങാടി, നിലമ്പൂർ, കാഞ്ഞിരപ്പള്ളി, അടൂർ, കോതമംഗലം, നോർത്ത് പറവൂർ, ചാവക്കാട്, തലപ്പള്ളി, മല്ലപ്പള്ളി എന്നീ താലൂക്കുകളിലാണ് കാർഷിക വികസന ബാങ്കുകൾ നിലവിൽ ഇല്ലാത്തത്. |
| (ജി) | പ്രസ്തുത താലൂക്കുകളിൽ കാർഷിക വികസന ബാങ്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ജി) | ആസ്തി ബാദ്ധ്യതകൾ വിഭജിക്കാതെ രജിസ്റ്റർ ചെയ്ത ബാങ്കുകളുടെ ആസ്തി ബാദ്ധ്യതകൾ വിഭജിച്ച് അപ്രകാരം വിഭജിച്ച ബാങ്കുകളുടെ അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ ബാങ്ക് രൂപീകരിച്ച് പുതിയ കമ്മിറ്റിയും രൂപീകരിക്കുന്നതിന് 45/2011 നമ്പർ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ ടി നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. അപ്രകാരം ആസ്തി ബാദ്ധ്യത വിഭജിക്കപ്പെട്ട ബാങ്കുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി മാത്രമേ പുതിയ |

ബാങ്ക് രജിസ്റ്റർ ചെയ്യാൻ കഴിയൂ എന്നതിനാൽ, അല്ലാതെ ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിഗണിക്കുവാൻ കഴിയുകയില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.